# കൽപ്പവൃക്ഷം കേഴുന്നു



ഡോ. മോഹൻ വർഗീസ്

"നാളികേരത്തിന്റെ നാട്ടിലെനിക്കൊരു നാഴിഇടങ്ങഴി മണ്ണുണ്ട്" എന്നു പാടുന്ന മലയാളി ആ മണ്ണിൽ ഒരു തെങ്ങിൻ തൈ നടുന്നതിനു മുൻപ് നാലുവട്ടം ചിന്തിക്കും. തെങ്ങു ചതിക്കില്ല എന്നു പഴമക്കാർ പറയുന്നുണ്ടെങ്കിലും സമീപകാല അവസ്ഥകൾ വിഭിന്നമാണ്. കേരളത്തിന്റെ മുഖ്യ കാർഷിക വിള എന്ന സ്ഥാനം നാളികേരം നിലനിർത്തുമ്പോഴും ഉൽപ്പാദനക്ഷമതയിലും വരുമാനത്തിന്റെ കാര്യത്തിലും നാളികേരം വളരെ പിന്നാക്കം പോയിരിക്കുന്നു. കൽപ്പവൃക്ഷം പുതുതലമുറയ്ക്കൊരു ബാധ്യതയാവുന്ന അവസ്ഥ. കേരളനാടിന്റെ കേരപെരുമ നിലനിർത്താൻ നാളികേര ബോർഡിനും കൃഷി മന്ത്രാലയത്തിനും മാത്രമാണോ ഉത്തരവാദിത്വം? രാഷ്ട്രീയ പ്രബുദ്ധതയ്ക്കും സംഘടിത ശക്തിക്കും പേരുകേട്ട കേരള മക്കൾ നാളികേരകൃഷിയെ രക്ഷിക്കാൻ മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു. ഇവിടുത്തെ നാളികേര ഉൽപ്പന്നങ്ങളുടെ ആഗോളമൽസരക്ഷമത ഉറപ്പുവരുത്താൻ ഈ രംഗത്തു പ്രവർത്തിക്കുന്ന കമ്പനികളും ശ്രമിക്കേണ്ടതാണ്.

കേരള സർക്കാരിന്റെ ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ കണക്കനുസരിച്ച് ഏഴേമുക്കാൽ ലക്ഷം ഹെക്ടറിലാണ് കൃഷി. അതായത് മൊത്തം കൃഷിഭൂമിയുടെ 37.19% സ്ഥലം. മിക്കതും വീടിനോട് ചേർന്നുള്ള ചെറിയ പുരയിടങ്ങൾ. വാർഷിക ഉൽപ്പാദനം അഞ്ഞൂറു കോടിയിൽപ്പരം നാളികേരങ്ങൾ. കേരളത്തിന്റെ കാർഷിക വരുമാനത്തിന്റെ 13% കൊണ്ടു വരുന്നത് കേരകൃഷിയാണ്. രണ്ടാം സ്ഥാനത്തുള്ള റബ്ബറാകട്ടെ കേവലം അഞ്ചര ലക്ഷം ഹെക്ടർ സ്ഥലത്തെ കൃഷിയിൽ നിന്ന് കാർഷിക വരുമാനത്തിന്റെ 49% നേടിയെടുക്കുന്നു. ഉൽപാദന ക്ഷമതയിലെയും വരുമാനത്തിലെയും ഈ അജഗജാന്തരം നാളികേരത്തെ കൈവിട്ട് റബ്ബറിലേക്ക് തിരിയാൻ കർഷകരെ പ്രേരിപ്പിച്ചില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ.

കേരളം ഏറെ കൊട്ടിഘോഷിക്കുന്ന ഭൂപരിഷ്കരണം തന്നെയാണ് ഈ അവസ്ഥയ്ക്കു മുഖ്യകാരണം. വിശാലമായ തെങ്ങിൻതോപ്പുകൾ ഏതാനും തെങ്ങുകൾ വീതമുള്ള ചെറിയ ഹൗസിംഗ് പ്ലോട്ടുകൾക്ക് വഴിമാറിയപ്പോൾ economy of scale ആനുകൂല്യം ഉൽപ്പാദകന് നഷ്ടപ്പെട്ടു. കൃഷിയിടത്തിൽത്തന്നെ നാളികേര സംസ്കരണം നടത്താനുള്ള അവസരവും ഇല്ലാതായി. അതോടെ ഇടനിലക്കാരുടെയും ചെറുകിട സ്വകാര്യ കച്ചവടക്കാരുടെയും ചൊൽപ്പടിയിൽ നിൽക്കാൻ അസംഘടിതരായ കേരകർഷകർ പ്രേരിതരായി എന്നതാണ് സത്യം. ഇതോടൊപ്പം വെളിച്ചെണ്ണ വിലയെ മാത്രം അടിസ്ഥാനമാക്കിയുള്ള നാളികേര വിലനിർണ്ണയവും വിലയിടിവിന് കാരണമായി. പാമോയിൽ ഇറക്കുമതി, രോഗങ്ങളുടെ ആക്രമണം തുടങ്ങിയവയും നാളികേര മേഖലയുടെ ദുരിതം വർധിപ്പിച്ചു. ഇത്തരം കാരണങ്ങളാൽ കാർഷിക കടക്കെണിയുടെയും കൊടിയ ദാരിദ്ര്യത്തിന്റെയും നിലയില്ലാക്കയത്തിലേക്ക് പതിക്കാനായിരുന്നു കർഷകന്റെ നിയോഗം.



1980ൽ ലോകഉൽപ്പാദനത്തിന്റെ 13.8 ശതമാനവുമായി ഫിലിപ്പീൻസിനും (28.35%) ഇന്തോനേഷ്യക്കും (26.85%) പിന്നിൽ മൂന്നാം സ്ഥാനത്തായിരുന്ന ഇന്ത്യ ഇപ്പോൾ 16.45 ശതമാനമായി നില മെച്ചപ്പെടുത്തി. ഇതിനിടയിൽ ഫിലിപ്പീൻസിനെ (25.39%) പിന്തള്ളി ഇന്തോനേഷ്യ (34.95%) ഒന്നാംസ്ഥാനത്തെത്തുകയും ചെയ്തു

കേരളത്തിൽ ഇങ്ങനെയൊക്കെയാണ് സ്ഥിതിയെങ്കിലും അന്യ സംസ്ഥാനങ്ങളിൽ നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത മെച്ചമാണ്. ഹെക്ടറൊന്നിന് 19630 തേങ്ങാ വീതം ഉൽപ്പാദിപ്പിക്കുന്ന ലക്ഷദ്വീപാണ് ഒന്നാം സ്ഥാനത്ത്. 7365 നാളികേരവുമായി കേരളം ഒൻപതാം സ്ഥാനത്താണ്. ജലദൗർലഭ്യമുള്ള അയൽസംസ്ഥാനമായ തമിഴ്നാട്ടിൽപ്പോലും കേരളത്തിന്റെ ഇരട്ടി ഉൽപ്പാദനക്ഷമതയുണ്ട്. ഹെക്ടറിന് 13771. ദേശീയ ശരാശരിയായ 8303 നെക്കാൾ താഴെയാണ് കേരളത്തിന്റെ ഉൽപ്പാദനം. ഇന്ത്യയിലെ നാളികേര ഉൽപ്പാദനം കഴിഞ്ഞ മൂന്നു ദശകങ്ങളിലായി സാമാന്യ വർദ്ധന രേഖപ്പെടുത്തിയപ്പോഴാണ് കേരളത്തിൽ ഈ അവസ്ഥ.

1980ൽ ലോകഉൽപ്പാദനത്തിന്റെ 13.8 ശതമാനവുമായി ഫിലിപ്പീൻസിനും (28.35%) ഇന്തോനേഷ്യക്കും (26.85%) പിന്നിൽ മൂന്നാംസ്ഥാനത്തായിരുന്ന ഇന്ത്യ ഇപ്പോൾ 16.45 ശതമാനമായി നില മെച്ചപ്പെടുത്തി. ഇതിനിടയിൽ ഫിലിപ്പീൻസിനെ (25.39%) പിൻതള്ളി ഇന്തോനേഷ്യ (34.95%) ഒന്നാം സ്ഥാനത്തെത്തുകയും ചെയ്തു. എന്നാൽ ഉൽപ്പാദനക്ഷമതയുടെ കാര്യത്തിൽ ആദ്യ മൂന്നു സ്ഥാനങ്ങളിലുള്ള ലാറ്റിനമേരിക്കൻ രാജ്യങ്ങളായ എൽ സാൽവദോർ, പെറു, പ്യൂർട്ടോറിക്കോ എന്നിവയെയാണ് 28-ാം സ്ഥാനത്തുള്ള ഇന്ത്യ മാതൃകയാക്കേണ്ടത്.

ഗുണമേന്മയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ തന്ത്രപരമായ വിപണനത്തിലൂടെ നാളികേര കൃഷിയുടെ ഗ്ലാമർ വീണ്ടെടുക്കാൻ സാധിക്കും. നിലവിൽ 10% ഉൽപ്പന്നത്തിനു മാത്രമേ പ്രീമിയം ആഭ്യന്തര വിപണിയെയും വിദേശ വിപണിയെയും ലക്ഷ്യംവച്ച് മൂല്യവർദ്ധനവ് വരുത്തുന്നുള്ളൂ. ഫിലിപ്പീൻസ്, തായ്‌ലൻഡ്, ബ്രസീൽ, ഇന്തോനേഷ്യ, മലേഷ്യ എന്നീ രാജ്യങ്ങളെ നമുക്ക് സംസ്കരണ, മൂല്യവർദ്ധന, കയറ്റുമതി കാര്യങ്ങളിൽ മാതൃകയാക്കാം. അല്ലെങ്കിൽ ശ്രീലങ്കയെ നോക്കൂ. ഇന്ത്യൻ കയറ്റുമതിയുടെ ഇരട്ടിയാണ് ലങ്കയുടേത്. നാളികേര വിലയിടിവിന്റെ സീസണിൽ മറ്റു രാജ്യങ്ങൾ ചെയ്യുന്നതുപോലെ 25% നാളികേരം ഇളനീരായും മറ്റൊരു 25% മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കായും ഉപയോഗപ്പെടുത്താം. കേരളത്തിലെ നാളികേര വികസന ബോർഡ് സംരംഭകർക്ക് സാങ്കേതികവിദ്യ പങ്കുവയ്ക്കുന്നതോടൊപ്പം 25% മൂലധന സബ്സിഡിയും നൽകുന്നു. പുതുതായി തുടങ്ങുന്ന നാളികേര സംസ്കരണ യൂണിറ്റുകൾക്ക് കേരള സർക്കാരിന്റെ വക 25% സബ്സിഡി ഇതിനു പുറമെ. ഈ അനുകൂല സാഹചര്യം പ്രയോജനപ്പെടുത്താൻ സംരംഭകർക്ക് കഴിയണം. കേരളത്തിൽ KINFRA യും KSIDC യും കോക്കനട്ട് പാർക്കുകൾ സ്ഥാപിക്കാൻ മുൻകയ്യെടുത്തു കഴിഞ്ഞു.

2012 ലെ ബജറ്റ് അവതരണ വേളയിൽ ധനമന്ത്രി കെ എം മാണി ഇളനീരിനെ കേരളത്തിന്റെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിച്ചത് വെറുതെയാവില്ലെന്നാശിക്കാം. ആരോഗ്യ പാനീയം, കായിക പാനീയം എന്നീ നിലകളിൽ ഇളനീരിനെ അവതരിപ്പിക്കാൻ അമാന്തിച്ചുകൂടാ. ആയിരം മില്യൺ ഡോളറിന്റെ സ്പോർട്സ് ബിവറേജ് മാർക്കറ്റിലേക്ക് ഇടിച്ചുകയറാൻ നമ്മുടെ കരിക്കിൻ വെള്ളത്തിന് കഴിയും. നൂറു മില്യൺ ലിറ്റർ എന്ന ആഗോള ഡിമാൻഡിൽ നമ്മുടെ ഉൽപ്പന്നത്തിന് ഒരു ഭേദപ്പെട്ട ഷെയർ ലഭിക്കും.

ആഗോള വിപണി ലക്ഷ്യമാക്കുന്നതിന് മുമ്പ് നമുക്ക് ആഭ്യന്തര റീട്ടെയിൽ വിപണിയെക്കുറിച്ചുകൂടി ആലോചിക്കാം. ഇക്കാര്യത്തിൽ ഇന്ത്യയ്ക്ക് മാർക്കറ്റ് ലീഡറായ ബ്രസീലിനെ അനുകരിക്കാം. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ആഭ്യന്തര പാനീയവിപണിയിൽ 20% വിപണി വിഹിതത്തിൽ നിന്ന് 67% ലേക്ക് ബ്രസീലിയൻ ഇളനീർ കുതിച്ചുകയറി. ഇന്ത്യയിൽ നിലവിൽ 25% വാർഷിക വളർച്ച നേടുന്ന ഇളനീർ വ്യവസായം മറ്റു ഫ്രൂട്ട് ജ്യൂസുകളെ പിന്തള്ളി ഒന്നാം സ്ഥാനത്തെത്തുമെന്ന് പ്രത്യാശിക്കാം. ◆

*വൈഎംസിഎ ദേശീയ മാധ്യമസമിതി ചെയർമാനും, തിരുവല്ല മാർത്തോമ്മ കോളെജ് പൊളിറ്റിക്കൽ സയൻസ് വിഭാഗം അസോസിയേറ്റ് പ്രൊഫസറുമാണ് ലേഖകൻ.*